# Visit of Foreign Secretary of the UK to India (October 22-24, 2021)

October 22, 2021

---

**യുകെ വിദേശകാര്യ മന്ത്രിയുടെ ഇന്ത്യയിലേക്കുള്ള സന്ദർശനം (ഒക്ടോബർ 22-24, 2021)**

ഒക്ടോബർ 22, 2021

1.യുണൈറ്റഡ് കിംഗ്ഡത്തിലെ വിദേശ കാര്യ കോമൺവെൽത്ത് ഡെവലപ്പ്മെന്റ്സ് സെക്രട്ടറിയും, വനിതാ, തുല്യതാ വകുപ്പ് മന്ത്രിയുമായ ബഹുമാനപ്പെട്ട റിട്ട എലിസബത്ത് ട്രസ് എംപി, 2021 ഒക്ടോബർ 22 മുതൽ 24 വരെയുള്ള ഇന്ത്യയിൽ ഔദ്യോഗിക സന്ദർശനം നടത്തും

2. വിദേശകാര്യ മന്ത്രി ഡോ. സുബ്രഹ്മണ്യം ജയശങ്കർ 2021 ഒക്ടോബർ 22-ന് യുകെ വിദേശകാര്യ സെക്രട്ടറിയുമായി ഉഭയകക്ഷി ചർച്ച നടത്തി. 2021 മെയ് 4 ന് നടന്ന ഇന്ത്യ-യുകെ വെർച്വൽ ഉച്ചകോടിയിൽ ആരംഭിച്ച റോഡ്മാപ്പ് 2030 സംബന്ധിച്ചു ഇരു മന്ത്രിമാരും വിശദമായ അവലോകനം നടത്തി. പകർച്ചവ്യാധി സൃഷ്ടിച്ച പരിമിതികൾക്കിടയിലും റോഡ്മാപ്പ് നടപ്പിലാക്കുന്നതിൽ ഇതുവരെയുള്ള പുരോഗതിയെ അവർ പ്രശംസിച്ചു വ്യാപാരം, നിക്ഷേപം, വ്യക്തിഗത ബന്ധങ്ങൾ, ആരോഗ്യ പങ്കാളിത്തം, കാലാവസ്ഥാ വ്യതിയാനം, ശാസ്ത്രം & നവീനമായ കണ്ടുപിടുത്തങ്ങൾ, പ്രതിരോധം & സുരക്ഷ എന്നിവയുടെ പ്രധാന മുൻഗണനാ മേഖലകളിൽ സഹകരണം വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച വിശദമായ ചർച്ചകൾ നടന്നു.

3. വെർച്വൽ ഉച്ചകോടിയിൽ പ്രഖ്യാപിച്ച മെച്ചപ്പെട്ട വ്യാപാര പങ്കാളിത്തം നൽകുന്നതിലെ പുരോഗതിയെ ഇരു മന്ത്രിമാരും സ്വാഗതം ചെയ്യുകയും ഇന്ത്യയിലെയും യു കെ യിലെയും വ്യവസായങ്ങൾക്ക് വേഗത്തിൽ നേട്ടമുണ്ടാക്കാൻ കഴിയുന്ന ഒരു ഇടക്കാല ഉടമ്പടി ചർച്ച ചെയ്യുന്നതിൽ ശ്രദ്ധ കേന്ദ്രീകരിച്ച് എത്രയും വേഗം FTA ചർച്ചകൾ ആരംഭിക്കേണ്ടതിന്റെ ആവശ്യകത അടിവരയിടുകയും ചെയ്തു.രണ്ട് മന്ത്രിമാരും മൈഗ്രേഷൻ ആൻഡ് മൊബിലിറ്റി പാർട്ണർഷിപ്പ്, ഗ്ലോബൽ ഇന്നൊവേഷൻ പാർട്ണർഷിപ്പ് എന്നിവ ചർച്ച ചെയ്യുകയും അവ നേരത്തേ നടപ്പാക്കാൻ പ്രതിജ്ഞാബദ്ധത പ്രകടിപ്പിക്കുകയും ചെയ്തു .

കോൺസുലാർ പ്രശ്നങ്ങളും സമുദ്ര സുരക്ഷയും ചർച്ച ചെയ്യുന്നതിന് പുതിയ ദയലോഗ് മെക്കാനിസങ്ങൾ സ്ഥാപിച്ചതായും അവർ അംഗീകരിച്ചു.ഇരു രാജ്യങ്ങളും തമ്മിലുള്ള ദീർഘകാല നയതന്ത്ര ബന്ധങ്ങൾക്ക് വിദഗ്ധമായ പര്യലോചനകൾ നടത്തുന്നതിനായുള്ള 1.5 ഡയലോഗ് മെക്കാനിസമായ ഇന്ത്യ-യുകെ സ്ട്രാറ്റജിക് ഫ്യൂച്ചേഴ്സ് ഫോറം ട്രാക്ക് സ്ഥാപിക്കുന്നതിനും ഇരു രാജ്യങ്ങളും തമ്മിൽ യോജിച്ചു

4. ഡോ എസ് ജയശങ്കറും മിസ് ട്രസും ഒരു ബഹുധ്രുവ ലോകത്തോടും ബഹുരാഷ്ട്രവാദത്തോടുമുള്ള തങ്ങളുടെ പ്രതിബദ്ധത പങ്കുവയ്ച്ചു കൊണ്ട് പരസ്പര താൽപ്പര്യമുള്ള നിരവധി പ്രാദേശിക, അന്തർദേശീയ വിഷയങ്ങൾ ചർച്ച ചെയ്തു. പശ്ചിമേഷ്യയിലും ഇന്തോ-പസഫിക്കിലും, തീവ്രവാദത്തെയും ഭീകരവാദത്തെയും ചെറുക്കുന്നതിനും സൈബർ, ബഹിരാകാശ മേഖലകളിലെ ഉയർന്നുവരുന്ന വെല്ലുവിളികളെ അഭിമുഖീകരിക്കുന്നതിനും സഹകരണം ശക്തിപ്പെടുത്താനും അവർ സമ്മതിച്ചു.അഫ്ഗാനിസ്ഥാനിൽ, മാനുഷിക സഹായത്തിന് പൂർണ്ണവും സുരക്ഷിതവും തടസ്സമില്ലാത്തതുമായ ലഭ്യതയുടെ ആവശ്യകതയും, അഫ്ഗാൻ പ്രദേശം ഏതെങ്കിലും രാജ്യത്തെ ഭീഷണിപ്പെടുത്തുന്നതിനോ ആക്രമിക്കുന്നതിനോ തീവ്രവാദികൾക്ക് അഭയം നൽകുന്നതിനോ പരിശീലിപ്പിക്കുന്നതിനോ തീവ്രവാദ ആക്രമണങ്ങൾ ആസൂത്രണം ചെയ്യുന്നതിനോ ധനസഹായം നൽകുന്നതിനോ ഉപയോഗിക്കാതിരിക്കേണ്ടതാണ് എന്നതിന്റെ ആവശ്യകതയേക്കുറിച്ചും ചർച്ച ചെയ്തു.

5. ന്യൂ ഡൽഹിയിൽ താമസിക്കുന്ന സമയത്ത്, ട്രസ് ധനകാര്യ മന്ത്രി ശ്രീമതി. നിർമല സീതാരാമനെയും പരിസ്ഥിതി, വനം, കാലാവസ്ഥാ വ്യതിയാന മന്ത്രി ശ്രീ ഭൂപേന്ദർ യാദവിനെയും സന്ദർശിക്കും.ഒക്ടോബർ 23 ന്, അവർ മുംബൈ സന്ദർശിക്കും, അവിടെ കാരിയർ സ്ട്രൈക്ക് ഗ്രൂപ്പ് 21 (CSG21) യുടെ ഇന്ത്യയിലെ സന്ദർശനവുമായി ബന്ധപ്പെട്ട് നടക്കുന്ന ബിസിനസ്സ്, പ്രതിരോധ പ്രവർത്തനങ്ങളിൽ പങ്കെടുക്കും. 2008 നവംബർ 26 ന് മുംബൈയിൽ നടന്ന ഭീകരാക്രമണത്തിൽ കൊല്ലപ്പെട്ടവരെ ആദരിക്കുന്നതിനായി അവർ സ്മാരകത്തിൽ ആദരാഞ്ജലി അർപ്പിക്കും.

**ന്യൂ ഡൽഹി**
**ഒക്ടോബർ 22, 2021**

DISCLAIMER: This is an approximate translation. The original is available in English on MEA's website and may be referred to as the official press release.